41/Est/2018

"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഇ2/92/2018/സിഇ/തസ്വഭവ

തീയതി: 03.01.2018

# സർക്കുലർ

വിഷയം:- തസ്വഭവ- ജീവനക്കാര്യം – ഭൂസ്വത്ത് വിവരങ്ങൾ (2017-18) – സമയബന്ധിതമായി – സമർപ്പിക്കുന്നത് –സംബന്ധിച്ച്

സൂചന:-

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ വരെയുള്ള ജീവനക്കാരുടെ 2017-2018 വർഷത്തെ ഭൂസ്വത്ത് വിവരം 2018 ജനുവരി 15 നു മുമ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരുടെ ആസ്തി വിവരം അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖാന്തിരവും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നേരിട്ടും, മുനിസിപ്പാലിറ്റികൾ, പി.എ.യു.കൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഭൂസ്വത്ത് വിവരം സൗത്ത് സർക്കിൾ/നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖേനയും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നേരിട്ടും, കോർപ്പറേഷനുകളിൽ ജോലി ചെയ്യുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഭൂസ്വത്ത് വിവരം അതാത് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖേനയും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നേരിട്ടും ഈ കാര്യാലയത്തിൽ ജനുവരി 15 നു മുമ്പാകെ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അതാത് Controlling Officer മാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ ശുപാർശചെയ്യുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ഭൂസ്വത്ത് വിവരം സമർപ്പിക്കാത്ത ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ജോലിസ്ഥലം എന്നിവ അതാത് Controlling Officer മാർ ഔദ്യോഗികമായി ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്. മറ്റ് ജീവനക്കാരായ ജൂനിയർ സൂപ്രണ്ട്, ക്ലർക്ക്, ഓഫീസ് അറ്റൻഡർ, ഓവർസിയർ തുടങ്ങിയ ജീവനക്കാരുടെ ഭൂസ്വത്ത് വിവരം അതാത് Controlling Officer മാരുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ